(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ദിവസക്കൂലിയടിസ്ഥാനത്തിൽ എത്രപേർ ജോലിചെയ്യുന്നുണ്ടെന്ന് തസ്തിക തിരിച്ചും എന്നുമുതലാണെന്നും വ്യക്തമാക്കി ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കുമോ;

(ബി) പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി നോക്കുന്നവരുടെ പേരും മേൽവിലാസവും വ്യക്തമാക്കുമോ;

(സി) 1997-98, 1998-99 നവംബർ വരെ ഓരോ ജില്ലയിലും ദിവസക്കൂലിയിനത്തിൽ ചെലവാക്കിയ തുകയെത്രയാണ്;

(ഡി) ബോർഡിലെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലോ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(ബി) പത്തനംതിട്ട ജില്ലാ ഓഫീസിൽ ദിവസക്കൂലിക്ക് ആരും ജോലി ചെയ്യുന്നില്ല. ആലപ്പുഴ ജില്ലാ ഓഫീസിൽ ദിവസക്കൂലിക്ക് ജോലി ചെയ്യുന്നവരുടെ പേരും മേൽവിലാസവും താഴെ പറയുന്നു:

1. ശ്രീമതി ഐറീന ടി (എൽ.ഡി. ക്ലാർക്ക്),
   ഗോകുലം, കോട്ടയ്ക്കപ്പുറം,
   ക്ലാപ്പന. പി.ഒ, കൊല്ലം.
2. ശ്രീമതി മിനി. എം (എൽ.ഡി. ക്ലാർക്ക്)
   ബിജു മന്ദിരം, കോട്ടയ്ക്കകം,
   മുട്ടം. പി.ഒ, പള്ളിപ്പാട്,
   ഹരിപ്പാട്, ആലപ്പുഴ.
3. ശ്രീ. മനോജ് (പ്യൂൺ)
   മാടശ്ശേരിൽ, പെരുതന വടക്ക്,
   നയാപ്പറമ്പ്. പി.ഒ.

(സി) വിശദവിവരം അനുബന്ധം 11 ആയി ചേർത്തിട്ടുണ്ട്†

(ഡി) സ്വീകരിക്കാവുന്നതാണ്.

47 (213) കേരള മോട്ടോർ തൊഴിലാളി ക്ഷേമ നിധി ബോർഡ് ചെയർമാൻ

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഇപ്പോഴത്തെ ചെയർമാൻ ആരാണ്;

(ബി) ചെയർമാൻ യാത്രപ്പടിയിനത്തിൽ ഇതുവരെ കൈപ്പറ്റിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രീ. പി.സി. കാർത്തികേയൻ

(ബി) ശ്രീ. പി.സി. കാർത്തികേയൻ ചെയർമാനായി ചാർജ്ജ് എടുത്ത മാസം മുതൽ (8/97) 31.10.99 വരെ 1,04,245/- രൂപ യാത്രപ്പടിയായി കൈപ്പറ്റിയിട്ടുണ്ട്.

48 (214) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ഫണ്ടിലേയ്ക്ക് ബഹുനില കെട്ടിടം പണിയുന്നതിന് അവരിൽ നിന്ന് 1996-ന് ശേഷം ക്ഷേമനിധി ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ ഗവൺമെന്റ് നൽകാതിരുന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3.11.1995 മുതൽ പ്രാബല്യത്തിൽ വന്ന 1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഹെൽത്ത് ആക്ട് എന്ന കേന്ദ്ര നിയമം സംസ്ഥാനത്ത് നടപ്പിലായതിന് ശേഷം നിർമ്മാണ തൊഴിലാളിക്ഷേമനിധി ഫണ്ടിലേയ്ക്ക് ഈ നിയമമനുസരിച്ച് അംശാദായം ഈടാക്കിയിട്ടില്ല. അംശാദായം നിശ്ചയിക്കുന്നതിനും അത് പിരിച്ചെടുക്കുന്നതിനുമുള്ള അസ്സസ്സിംഗ് ഓഫീസർമാരെയും സെസ്സ് കളക്ടേഴ്സിനെയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സെസ്സ് പിരിച്ച് കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന് കൈമാറുന്നതാണ്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly